Published on 31-05-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 149

# 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള, നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 149

# 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

894/2018.

# 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) (ഇതിന് ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (i)-ാം ഖണ്ഡം (iഎ) ഖണ്ഡമായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട (iഎ) ഖണ്ഡത്തിന് മുൻപായി താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(i) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം" എന്നാൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവം, സ്ഥിരമായും സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിലാക്കുവാൻ സാദ്ധ്യമല്ലാത്തതുമായ വിധത്തിൽ വ്യതിയാനം വരുത്തുന്നതോ വ്യതിയാനം വരുത്തിയിട്ടുള്ളതോ ആയ പ്രവൃത്തിയോ തുടർപ്രവൃത്തികളോ എന്നർത്ഥമാകുന്നു;";

(ii) (vi)-ാം ഖണ്ഡത്തിൽ "നെൽവയലിലേക്കും" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലേക്കും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (vi)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്: —

"(viഎ) "ന്യായവില" എന്നാൽ, 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ 17) 28എ വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള, ഭൂമിയുടെ ന്യായവില എന്നും അല്ലെങ്കിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, സമാനമായതും സമാനമായി സ്ഥിതിചെയ്യുന്നതുമായ ഭൂമിയുടെ ന്യായവില എന്നും അർത്ഥമാകുന്നു;

(viബി) "ഫണ്ട്" എന്നാൽ 27 ഡി വകുപ്പ് പ്രകാരം രൂപീകരിക്കുന്ന വികസന ഫണ്ട് എന്നർത്ഥമാകുന്നു;";

(iv) (xiv)-ാം ഖണ്ഡത്തിൽ "പദ്ധതികളുടെയും" എന്ന വാക്കിന് പകരം "പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും" എന്ന വാക്കുകളും "സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടേയും" എന്ന വാക്കുകൾക്ക് പകരം "അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും പ്രോജക്റ്റുകളുടേയും" എന്ന വാക്കുകളും ചേർക്കേണ്ടതാണ്;

(v) (xvii)-ാം ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xviiഎ) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" എന്നാൽ സമിതിയുടെ അധികാരിത പ്രദേശത്ത് സ്ഥിതിചെയ്യുന്നതും വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന നികുതി രജിസ്റ്ററിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ 5-ാം വകുപ്പ്, (4)-ാം ഉപവകുപ്പ് പ്രകാരം നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമി എന്നർത്ഥമാകുന്നു;

(xviiബി) "ജലസംരക്ഷണ നടപടികൾ" എന്നാൽ ടാങ്കുകൾ, ജലസംഭരണികൾ, കുഴികൾ, ട്രെഞ്ചുകൾ, കുളങ്ങൾ എന്നിവ ഉൾപ്പെടെ, ഭൂമിയുടെ ഉപരിതലത്തിലോ ഭൂമിക്കടിയിലോ ഉള്ള, ആവരണം ചെയ്യപ്പെട്ടതോ അല്ലാത്തതോ ആയ മഴവെള്ള സംഭരണ നിർമ്മിതികൾ അല്ലെങ്കിൽ മഴവെള്ളമോ സമീപത്തെ നെൽവയലുകളിലേക്കും ജലനിർഗ്ഗമന ചാലുകളിലേക്കും ഉള്ള സുഗമമായ നീരൊഴുക്കിന് തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ നെൽവയലിലൂടെയോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലൂടെയോ ഒഴുകുന്ന ജലമോ സംഭരിക്കുന്നതിനുള്ള മറ്റ് ഏതെങ്കിലും നിർമ്മിതിയോ എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു;".

3. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിൽ, (i) ഇനത്തിന് പകരം, താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(i) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് ശിപാർശ നൽകുക:

എന്നാൽ, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി, അതതുസംഗതിപോലെ, പഞ്ചായത്തിൽ പത്തും അല്ലെങ്കിൽ മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് സമിതി ശിപാർശ ചെയ്യുവാൻ പാടുള്ളതല്ല.

(iഎ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പൊതു ആവശ്യത്തിലേക്കായി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനായി, അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് ചെയ്യുക:

എന്നാൽ, അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ ചേർന്നുകിടക്കുന്ന നെൽവയലുകളിലെ കൃഷിയെ എപ്രകാരം ബാധിക്കുമെന്നും ചേർന്നുകിടക്കുന്ന നെൽവയലുകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ നീരൊഴുക്ക് ഉറപ്പുവരുത്തുവാൻ സ്വീകരിക്കേണ്ട നടപടികളും, ആവശ്യമായി വരുന്നിടത്തെല്ലാം സ്വീകരിക്കേണ്ട അനുയോജ്യമായ ജലസംരക്ഷണ നടപടികളും, അപേക്ഷകൻ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട പ്രദേശവും പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

(iബി) യോഗ്യത നേടിയ സർവ്വേയറോ വില്ലേജ് ഓഫീസറോ, യഥാവിധി തയ്യാറാക്കിയ, നികത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുള്ള നെൽവയലിലെ ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണം സൂചിപ്പിച്ചുകൊണ്ടുള്ള രൂപാന്തരപ്പെടുത്താനുദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ച് സഹിതം, അപേക്ഷ സമർപ്പിക്കാത്തപക്ഷം, സമിതി ഈ ഉപവകുപ്പിന്റെ (i)-ാം ഇനമോ (iഎ) ഇനമോ പ്രകാരമുള്ള ശിപാർശയോ റിപ്പോർട്ടോ നൽകുവാൻ പാടുള്ളതല്ല.";

(2) (4)-ാം ഉപവകുപ്പിൽ, (iv)-ാം ഇനം വിട്ടുകളയേണ്ടതാണ്.

4. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3) പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ സമിതി സമർപ്പിച്ച ഓരോ റിപ്പോർട്ടും, സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കേണ്ടതും, അപ്രകാരം രൂപാന്തരപ്പെടുത്തുന്നത് ചേർന്നുകിടക്കുന്ന നെൽവയലുകളിലെ കൃഷിയെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ചും, ചേർന്നുകിടക്കുന്ന നെൽവയലുകളിലേക്ക് ജലം സുഗമമായി ഒഴുകി പോകുന്നത് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും വിശദമായി പരിശോധിക്കേണ്ടതും, അപേക്ഷകൻ സ്വീകരിക്കേണ്ട അനുയോജ്യമായ ജലസംരക്ഷണ നടപടികളെ സംബന്ധിച്ചും അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട പ്രദേശത്തെ സംബന്ധിച്ചുമുള്ള ശിപാർശ സഹിതം ഒരു റിപ്പോർട്ട്, സമിതിയുടെ

റിപ്പോർട്ട് ലഭിച്ച തീയതി മുതൽ രണ്ടു മാസങ്ങൾക്കകം സർക്കാരിന് നൽകേണ്ടതുമാണ്.

(4) സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതിൻമേൽ, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അനുവാദം നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവിലും, അനുമതി നൽകിയിട്ടുള്ള ഭൂമിയുടെ സർവ്വേ നമ്പരും, ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും, അപേക്ഷകൻ ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും അതിന്റെ വിസ്തീർണ്ണവും വ്യക്തമായി സൂചിപ്പിക്കേണ്ടതും മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള അപ്രകാരമുള്ള ഭൂമിയുടെ ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.".

5. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ, (8)-ാം ഉപവകുപ്പിന്ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) (5)-ാം ഉപവകുപ്പുപ്രകാരം ജില്ലാതല അധികൃത സമിതിയോ (7)-ാം ഉപവകുപ്പുപ്രകാരം ജില്ലാകളക്ടറോ പുറപ്പെടുവിക്കുന്ന ഉത്തരവിൽ, അനുമതി നൽകപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പരും, ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും വ്യക്തമായി സൂചിപ്പിക്കേണ്ടതും അപ്രകാരമുള്ള ഭൂമിയുടെ മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.".

6. 10-ാം വകുപ്പിനു പകരം, പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ, 10-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10. ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ, പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതും, അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

(2) സർക്കാരിന്, സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം, അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽക്കൃഷി, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിനെയോ അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ളപക്ഷം, അപ്രകാരമുള്ള ഒഴിവാക്കൽ അനുവദിക്കാവുന്നതാണ്:

എന്നാൽ, ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയിൽ ആവശ്യമായ അനുയോജ്യ ജലസംരക്ഷണ നടപടികൾ അപേക്ഷകൻ സ്വീകരിച്ചിട്ടുണ്ട് എന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമാണെങ്കിൽ, അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം ജലസംരക്ഷണ നടപടികൾക്കായി നീക്കിവെയ്ക്കേണ്ടതാണ്.

(3) ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ സർവ്വേനമ്പരും ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും, അപേക്ഷകൻ ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേനമ്പരും വിസ്തീർണ്ണവും, സർക്കാരിന്റെ തീരുമാനത്തിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതും, മേൽപ്പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് അപ്രകാരമുള്ള ഭൂമിയുടെ ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

(4) സർക്കാരിന്, 8-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയപരിധിക്കകം സംസ്ഥാനതല സമിതിയിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് അധികാരസ്ഥാനത്തു നിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും, ഒഴിവാക്കൽ അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ രേഖാമൂലം ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതുമാണ്.

(5) ഒഴിവാക്കൽ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികൾ അപേക്ഷകൻ പൂർണ്ണമായോ ഭാഗികമായോ പാലിച്ചിട്ടില്ലാത്തപക്ഷം, സർക്കാരിന്, ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും, സ്വമേധയായോ അല്ലെങ്കിൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൽമേലോ, റദ്ദാക്കാവുന്നതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു റദ്ദാക്കൽ ഉത്തരവും ഈ വിഷയത്തിൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ സർക്കാർ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.".

7. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും യാനമോ വാഹനമോ, മറ്റ് വാഹന സൗകര്യങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ഉപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ നീക്കം ചെയ്യപ്പെട്ടതോ അല്ലെങ്കിൽ നെൽവയലോ തണ്ണീർത്തടമോ നികത്തുവാൻ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും കളിമണ്ണ്, മണൽ, മണ്ണ് മുതലായവ പിടിച്ചെടുക്കാവുന്നതും അവ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനായി കളക്ടർക്ക് ഒരു റിപ്പോർട്ട് അയയ്ക്കേണ്ടതും;".

8. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിൽ,—

(i) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും,

പ്രസ്തുത ഉപവകുപ്പിലെ "കളക്ടർ" എന്ന വാക്കിനു പകരം "ജില്ലാകളക്ടർ" എന്ന വാക്ക് ചേർക്കേണ്ടതുമാണ്;

(ii) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) നെൽവയലോ തണ്ണീർത്തടമോ പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ടിയുള്ള തീരുമാനമെടുക്കുന്നിടത്ത്, ജില്ലാകളക്ടർക്ക്, അപ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്ന പ്രക്രിയയിൽ, നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ നീക്കം ചെയ്യപ്പെട്ട കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കൈയൊഴിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതൊരു നടപടിയും സ്വീകരിക്കാവുന്നതും, അപ്രകാരം ലഭിക്കുന്ന തുക ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്.".

9. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ, "തണ്ണീർത്തടത്തിലോ" എന്ന വാക്കിന് ശേഷം "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 16-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കത്ത് ലഭിക്കുന്നതിൻമേൽ, അപ്രകാരമുള്ള കത്ത് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം, നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകിക്കൊണ്ടോ അത് നിഷേധിച്ചുകൊണ്ടോ, രേഖാമൂലം മറുപടി നൽകേണ്ടതാണ്.".

(2) (3)-ാം ഉപവകുപ്പിൽ "നിശ്ചിത കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "ഒരു പ്രാവശ്യം രണ്ടു വർഷത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(3എ) നെൽവയലിന്റെ അനുഭവക്കാരൻ, 15-ാം വകുപ്പു പ്രകാരമുള്ള നിർദ്ദേശത്തിനോ (1)-ാം ഉപവകുപ്പു പ്രകാരം ആവശ്യപ്പെട്ടതിനോ അനുമതിയോ മറുപടിയോ നൽകാത്തപക്ഷം, സമിതിക്ക്, നെൽവയലിന്റെ അനുഭവക്കാരനോട്, നെൽവയലിൽ സ്വയം കൃഷി ചെയ്യുന്നതിനോ അല്ലെങ്കിൽ തന്റെ ഇഷ്ടാനുസരണം മറ്റ് ഏതെങ്കിലും ആൾ മുഖേന കൃഷി ചെയ്യിപ്പിക്കുന്നതിനോ, അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് മുഖേന, പ്രസ്തുത നെൽവയൽ കൃഷിചെയ്യിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിനോ വീണ്ടും ആവശ്യപ്പെടാവുന്നതാണ്.

(3ബി) (3എ) ഉപവകുപ്പുപ്രകാരമുള്ള ഒരു കത്ത് ലഭിക്കുന്നതിൻമേൽ, നെൽവയലിന്റെ അനുഭവക്കാരൻ, അനുമതി നൽകിക്കൊണ്ടോ നിരസിച്ചുകൊണ്ടോ ഉള്ള, രേഖാമൂലമുള്ള ഒരു മറുപടി, അപ്രകാരമുള്ള കത്ത് ലഭിച്ച തീയതി മുതൽ പതിനഞ്ചു ദിവസങ്ങൾക്കകം നൽകേണ്ടതാണ്.

(3സി) നെൽവയലിന്റെ അനുഭവക്കാരൻ (3ബി) ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിനുള്ളിൽ ഒരു മറുപടി നൽകാത്തിടത്ത്, നെൽവയലിന്റെ അനുഭവക്കാരൻ, അനുമതി നൽകിയതായി കരുതപ്പെടുന്നതും (3എച്ച്) ഉപവകുപ്പിൻ കീഴിൽ സമിതി, നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3ഡി) നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകുന്നപക്ഷം, സമിതിക്ക്, (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

(3ഇ) നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നിരസിക്കുന്നപക്ഷം, സമിതി, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് വിഷയം റഫർ ചെയ്യേണ്ടതാണ്.

(3എഫ്) റവന്യൂ ഡിവിഷണൽ ഓഫീസർ, അപ്രകാരം റഫർ ചെയ്ത് ലഭിക്കുന്നതിൻമേൽ, ബന്ധപ്പെട്ട കക്ഷികളെ കേൾക്കേണ്ടതും, മുപ്പത് ദിവസങ്ങൾക്കുള്ളിൽ വിഷയം തീർപ്പാക്കേണ്ടതും, അപ്രകാരം വിഷയം തീരുമാനിക്കുമ്പോൾ, റവന്യൂ ഡിവിഷണൽ ഓഫീസർ, അപ്രകാരമുള്ള നെൽവയലിൽ കൃഷി ചെയ്യുന്നത്, ചേർന്നുകിടക്കുന്ന നെൽവയലിൽ കൃഷി ചെയ്യുന്നതിനോ അല്ലെങ്കിൽ സംസ്ഥാനത്ത് നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനോ അല്ലെങ്കിൽ അപ്രകാരമുള്ള മറ്റ് കാരണങ്ങളാലോ, ഒഴിച്ചുകൂടാനാവാത്തതാണോ എന്നത് പരിഗണിക്കേണ്ടതുമാണ്.

(3ജി) റവന്യൂ ഡിവിഷണൽ ഓഫീസറുടെ തീരുമാനം, ബന്ധപ്പെട്ട കക്ഷികളെ അതിന്റെ കാരണങ്ങൾ സഹിതം, അറിയിക്കേണ്ടതും അപ്രകാരമുള്ള നെൽവയലിൽ കൃഷി ചെയ്യുന്നതിനുള്ള അനുമതി നിരസിച്ചുകൊണ്ടോ നൽകിക്കൊണ്ടോ ഉള്ള ഉത്തരവിനെതിരെ, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) 104, 107 എന്നീ വകുപ്പുകളും ഓർഡർ XLIII-ഉം ചേർത്തു വായിച്ച പ്രകാരം, അധികാരിതയുള്ള ജില്ലാ കോടതി മുമ്പാകെ, അപ്പീൽ ഫയൽ ചെയ്യാവുന്നതുമാണ്.

(3എച്ച്) റവന്യൂ ഡിവിഷണൽ ഓഫീസർ, (3എഫ്) ഉപവകുപ്പു പ്രകാരം അനുമതി നൽകുന്നപക്ഷം, അല്ലെങ്കിൽ (3സി) ഉപവകുപ്പു പ്രകാരമുള്ള കല്പിത അനുമതിയുടെ സംഗതിയിൽ, സമിതിക്ക്, അതതുസംഗതിപോലെ, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനെ രേഖാമൂലം അറിയിക്കാവുന്നതും, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷന്, ലേലം വഴിയോ മറ്റുവിധത്തിലോ, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം, ഉത്തരവ് വഴി, ഒരു പ്രാവശ്യം പരമാവധി രണ്ട് വർഷക്കാലയളവിലേക്ക് ഏല്പിച്ചുകൊടുക്കാവുന്നതും (4)-ാം ഉപവകുപ്പ് പ്രകാരം അപ്രകാരം കൃഷി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താവുന്നതുമാണ്:

എന്നാൽ, (3എച്ച്) ഉപവകുപ്പു പ്രകാരം അപ്രകാരം കൃഷി ചെയ്യുവാൻ ഉത്തരവാകുന്നിടത്ത് അപ്രകാരമുള്ള നെൽക്കൃഷിയിൽ നിന്നും ലഭിക്കുന്ന തുക,

ഭൂമിയിൻമേലുള്ള നികുതി കുടിശ്ശികയിലേക്കും സർക്കാരിന് കിട്ടേണ്ട മറ്റു തുക ഏതെങ്കിലുമുണ്ടെങ്കിൽ, അതിലേക്കും, നെൽക്കൃഷി ചെയ്യുന്നതിനുണ്ടായ ചെലവിലേക്കും ആദ്യം തട്ടിക്കിഴിക്കേണ്ടതും, ശേഷിക്കുന്ന തുകയിലെ പത്ത് ശതമാനം തുക, (4)-ാം ഉപവകുപ്പു പ്രകാരം നെൽക്കൃഷി ചെയ്യുവാൻ ഏല്പിച്ചുകൊടുത്ത ഏജൻസിക്ക് നീക്കിവെക്കേണ്ടതും ശേഷിക്കുന്ന തുക, നെൽവയലിന്റെ അനുഭവക്കാരന് നൽകേണ്ടതുമാണ്:

എന്നുമാത്രമല്ല, നെൽക്കൃഷി സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ ആർക്കെങ്കിലും നൽകേണ്ടതായ തുകയോ അല്ലെങ്കിൽ അപ്രകാരമുള്ള മറ്റ് ഏതെങ്കിലും കാര്യമോ സംബന്ധിച്ച് ഏതെങ്കിലും തർക്കമുണ്ടാകുന്നപക്ഷം, അധികാരിതയുള്ള സിവിൽ കോടതി ആയത് ന്യായനിർണ്ണയം നടത്തേണ്ടതും, നെൽക്കൃഷിയുടെ അനുഭവക്കാരൻ അയാളുടെ വിഹിതം സ്വീകരിക്കാത്തപക്ഷം, നെൽക്കൃഷിയുടെ അനുഭവക്കാരനോ അല്ലെങ്കിൽ അയാളുടെ നിയമപരമായ അവകാശികളോ അവകാശവാദം ഉന്നയിക്കുന്നതുവരെ, പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ സെക്രട്ടറി സൂക്ഷിച്ചുവരുന്ന സർക്കാർ അക്കൗണ്ടിൽ, അപ്രകാരമുള്ള വിഹിതം നിക്ഷേപിക്കേണ്ടതുമാണ്.

(3ഐ) അതതുസംഗതിപോലെ, നെൽവയലിന്റെ അനുഭവക്കാരനോ അയാളുടെ നിയമപരമായ അവകാശികളോ അവകാശവാദമുന്നയിക്കുമ്പോൾ, പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ സെക്രട്ടറി, സിവിൽ കോടതിയുടെ വിധിന്യായത്തിനനുസൃതമായി, പണം നൽകേണ്ടതാണ്.

(3ജെ) നെൽവയലിന്റെ അനുഭവക്കാരൻ, ഏതെങ്കിലും ഏജൻസിയെ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏല്പിച്ചുകൊടുത്തതിനുശേഷം, ഏതെങ്കിലും സമയത്ത് അയാളുടെ ഭൂമിയിൽ, നെൽക്കൃഷി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന പക്ഷം, നെൽക്കൃഷിയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പൂർത്തിയാക്കിയതിനുശേഷം, പ്രസ്തുത നെൽവയൽ, നെൽവയലിന്റെ അനുഭവക്കാരന്, തിരികെ നൽകി എന്ന് സമിതി ഉറപ്പുവരുത്തേണ്ടതാണ്:

എന്നാൽ, നെൽക്കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നാണ് അവസാനിച്ചതെന്നോ എന്ന് അവസാനിക്കുമെന്നോ സംബന്ധിച്ച്, എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം, സമിതി, കൃഷി ഓഫീസറിൽനിന്നും ഒരു റിപ്പോർട്ട് വാങ്ങേണ്ടതും, അപ്രകാരമുള്ള നെൽക്കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാനിക്കുന്ന തീയതി സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.";

(4) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"(4) (3)-ാം ഉപവകുപ്പോ (3ഡി) ഉപവകുപ്പോ (3ജി) ഉപവകുപ്പോ പ്രകാരം, പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ/കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള

നെൽവയൽ, അത് നേരിട്ട് കൃഷി ചെയ്യുന്നില്ലെങ്കിൽ, ബാധകമാകുന്നിടത്ത്, (3)-ാം ഉപവകുപ്പു പ്രകാരം, ഒപ്പിട്ട് പൂർത്തീകരിച്ച ഉടമ്പടിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തവിധം, പ്രസ്തുത നെൽവയൽ കൃഷിചെയ്യുന്നതിനുള്ള അവകാശം, ഒരു സമയം പരമാവധി രണ്ട് വർഷക്കാലയളവിലേക്ക്, ലേലം ചെയ്തോ മറ്റു വിധത്തിലോ, ഏല്പിച്ചു കൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിനുള്ള ക്രമീകരണം ചെയ്യാവുന്നതുമാണ്.".

(5) (5)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"(5) (4)-ാം ഉപവകുപ്പ് പ്രകാരം, ലേലം വഴിയല്ലാതെ പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏല്പിച്ചുകൊടുക്കുമ്പോൾ താഴെപ്പറയുന്ന പ്രകാരം, ഏജൻസികളുടെ മുൻഗണനാക്രമം പാലിക്കേണ്ടതാണ്, അതായത്:—

(i) പാടശേഖര സമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക്;

(ii) സ്വയം സഹായ സംഘങ്ങൾക്ക്;

(iii) നെൽവയൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക്;

(iv) മറ്റ് ഏതെങ്കിലും ആൾക്ക്:

എന്നാൽ, ഒരു ലേലംവഴി പ്രസ്തുത അവകാശം ഏല്പിച്ചു കൊടുക്കുന്നിടത്ത്, മുകളിൽ വ്യക്തമാക്കിയ ഏജൻസികളിൽ ഏതെങ്കിലും ഒന്നിന് അപ്രകാരമുള്ള ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.".

(6) (6)-ാം ഉപവകുപ്പിൽ, "അവകാശം ലഭിക്കുന്ന ആൾ" എന്ന വാക്കുകൾക്കു പകരം, ''അവകാശം ഏല്പിച്ചുകൊടുക്കപ്പെട്ട ഏജൻസി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) (7)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) (4)-ാം ഉപവകുപ്പു പ്രകാരം, നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏല്പിച്ചുകൊടുക്കപ്പെട്ട ഏജൻസി, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അനുമതി, നെൽവയലിന്റെ അനുഭവക്കാരൻ നൽകുമ്പോഴെല്ലാം, പ്രസ്തുത നെൽവയലിന്, കരാർ പ്രകാരമുള്ള പ്രതിഫലം, നെൽവയലിന്റെ അനുഭവക്കാരന് മുൻകൂറായി നൽകേണ്ടതും, ആ തുക കൃഷിചെയ്യുന്നതിനുവേണ്ടിവന്ന ചിലവിന്റെ ഭാഗമായിരിക്കുന്നതുമാണ്.".

(8) (8)-ാം ഉപവകുപ്പിനു ശേഷം താഴെപറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(9) (4)-ാം ഉപവകുപ്പു പ്രകാരം ഒരു ഏജൻസിക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൃഷി ചെയ്യുവാൻ ഏല്പിച്ചു കൊടുത്ത നെൽവയലിന്റെ അനുഭവക്കാരൻ, 1882-ലെ ഇന്ത്യൻ ഈസ്മെന്റ് ആക്റ്റിൽ (1882-ലെ V-ാം കേന്ദ്ര ആക്റ്റ്) വിഭാവനം ചെയ്യുന്ന ഒരു ലൈസൻസർ ആയി കരുതപ്പെടുന്നതും, അപ്രകാരമുള്ള കൃഷി ഏൽപ്പിച്ചു കൊടുക്കപ്പെട്ട ഏജൻസി, ഒരു ലൈസൻസി ആയി കരുതപ്പെടുന്നതും, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ, ആവശ്യമായ ഭേദഗതികളോടെ, നെൽവയലിന്റെ അനുഭവക്കാരനും കൃഷി ചെയ്യാൻ ഏൽപ്പിച്ചു കൊടുക്കപ്പെട്ട ഏജൻസിയും തമ്മിലുള്ള തർക്കങ്ങൾക്ക് ബാധകമാകുന്നതുമാണ്:

എന്നാൽ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, നെൽവയലിൽ കൃഷി ചെയ്യുന്നതിനായി ക്രമീകരണം ചെയ്ത കാലയളവിൽ, ലൈസൻസർ, ദാനം, വില്പന, പണയം അല്ലെങ്കിൽ മറ്റ് വിധത്തിൽ, നെൽവയൽ കൈമാറ്റം ചെയ്യുന്നപക്ഷം, നെൽവയലിന്റെ പുതിയ അനുഭവക്കാരൻ ലൈസൻസർ ആയി കരുതപ്പെടുന്നതാണ്.

(10) (4)-ാം ഉപവകുപ്പു പ്രകാരം, നെൽവയലിലെ കൃഷി ഏൽപ്പിക്കപ്പെട്ട,—

(i) ഏജൻസിക്ക്, നെൽക്കൃഷി ചെയ്യുവാൻ ഏൽപ്പിക്കപ്പെട്ട കാലയളവിൽ, നെൽക്കൃഷി ചെയ്യുന്നതിന് പൂർണ്ണമായ അധികാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്;

(ii) ഏജൻസിക്ക്, വിള ഇൻഷ്വറൻസ്, ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആശ്വാസസഹായം, കൃഷി ഏൽപ്പിച്ചുകൊടുക്കപ്പെട്ട കാലയളവിൽ, സംസ്ഥാന സർക്കാർ കർഷകർക്ക് നൽകിയിട്ടുള്ള മറ്റ് ഏതെങ്കിലും ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്;

(iii) ഏജൻസി, നെൽവയലിന് ഏതെങ്കിലും നാശനഷ്ടം വരുത്താൻ പാടില്ലാത്തതും, നാശനഷ്ടം, ഏതെങ്കിലും, വരുത്തിയിട്ടുണ്ടെങ്കിൽ നെൽവയലിന്റെ അനുഭവക്കാരന് ഏജൻസി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്;

(iv) ഏജൻസി, നെൽക്കൃഷി ഏല്പിക്കപ്പെട്ട കാലയളവിൽ, ഭൂമിയുടെ അതിരുകളോ സർവ്വേക്കല്ലുകളോ മാറ്റം വരുത്താൻ പാടുള്ളതല്ല;

(v) ഏജൻസി, നെൽവയലിൽ നിന്നും, മണലോ ഏതെങ്കിലും ധാതുക്കളോ ഖനനം ചെയ്യാൻ പാടുള്ളതല്ല;

(vi) ഏജൻസി, നെൽവയലിൽ, ഭൂഉടമസ്ഥന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ സ്ഥിരം നിർമ്മാണങ്ങളോ എടുപ്പുകളോ നിർമ്മിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, സ്ഥിരം കെട്ടിടങ്ങളോ എടുപ്പുകളോ നിർമ്മിക്കുവാൻ നൽകുന്ന അനുമതി, പ്രസ്തുത ലൈസൻസിനെ റദ്ദാക്കാൻ പാടില്ലാത്ത ഒന്നാക്കി മാറ്റുന്നതല്ല.

(11) നെൽക്കൃഷി ചെയ്യുവാനായി നെൽവയൽ, ഏജൻസിയെ ഏല്പിച്ച കാലയളവ് അവസാനിക്കുന്നതിൻമേൽ, ലൈസൻസ് അവസാനിച്ചതായി കരുതപ്പെടുന്നതാണ്.

(12) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ചെയ്യുന്ന കൃഷിയോ, (4)-ാം ഉപവകുപ്പു പ്രകാരം, ലേലം ചെയ്തോ ഏൽപ്പിച്ചുകൊടുത്ത ഏജൻസി മുഖാന്തരം ചെയ്യുന്ന കൃഷിയോ, നെൽവയലിൽ നെൽക്കൃഷി ചെയ്യേണ്ടതാണെന്നുള്ള നിബന്ധനയ്ക്ക് വിധേയമായിരിക്കുന്നതും, അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, നെൽവയലിന്റെ അനുഭവക്കാരന്റെയോ സമിതിയുടെയോ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ കോർപ്പറേഷന്റെയോ അപേക്ഷയിൻമേലോ അല്ലെങ്കിൽ തനിക്ക് സ്വയം ബോദ്ധ്യമാവുമ്പോഴോ, പഞ്ചായത്തിനെയോ മുനിസിപ്പാലിറ്റിയെയോ കോർപ്പറേഷനെയോ അല്ലെങ്കിൽ കൃഷി ചെയ്യാൻ ഏല്പിക്കപ്പെട്ട ഏജൻസിയെയോ കൃഷി ചെയ്യാൻ ഏല്പിക്കപ്പെട്ട കാലയളവ് തീരുന്നതിനു മുൻപായി സമ്മറിയായി ഒഴിപ്പിക്കേണ്ടതും, അതതു സംഗതിപോലെ, അപ്രകാരം കൃഷി ചെയ്യുവാൻ വീഴ്ച വരുത്തിയതുമൂലം ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിന്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അല്ലെങ്കിൽ ഏജൻസി ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്:

എന്നാൽ, അപ്രകാരം ഒഴിപ്പിക്കുന്നതിനു മുൻപായി, കൃഷി ചെയ്യുവാൻ ഏൽപ്പിക്കപ്പെട്ട പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ കോർപ്പറേഷനോ ഏജൻസിക്കോ പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.".

11. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "മറ്റ് വാഹനസൗകര്യമോ" എന്ന വാക്കുകൾക്ക് ശേഷം, "നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ നീക്കം ചെയ്യപ്പെട്ട ഏതെങ്കിലും കളിമണ്ണ്, മണൽ, മണ്ണ് മുതലായവയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(i) "കളക്ടർ" എന്ന വാക്കിനു പകരം "ജില്ലാകളക്ടർ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ജില്ലാകളക്ടർക്ക് പിടിച്ചെടുത്ത കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കയ്യൊഴിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ ഏതൊരു നടപടിയും സ്വീകരിക്കാവുന്നതും അപ്രകാരം ലഭിക്കുന്ന തുക ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്.".

13. 23-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പിൽ, "രണ്ട് വർഷം" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

14. 25-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

15. 27എ മുതൽ 27ഡി വരെയുള്ള പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 27-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"27എ. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം.—(1) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ, അപ്രകാരമുള്ള ഭൂമി, വീടുവയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നപക്ഷം, അയാൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്.

(2) ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാര സ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്രകാരം ലഭിക്കുന്ന അപേക്ഷകളിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, ആവശ്യമെന്ന് കരുതുന്ന ജലസംരക്ഷണ നടപടികളിലൂടെ, സമീപത്തെ നെൽവയൽ, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ട്, യുക്തമെന്നും ശരിയായതെന്നും കരുതുന്ന പ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, അപേക്ഷ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികരിക്കുന്നപക്ഷം, അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ പത്ത് ശതമാനം ജലസംരക്ഷണ നടപടികൾക്കായി മാറ്റിവെയ്ക്കേണ്ടതാണ്.

(3) അപേക്ഷ അനുവദിക്കുന്നപക്ഷം, റവന്യൂരേഖകളിൽ മാറ്റം വരുത്തുന്നതിനായി, അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ അമ്പത് ശതമാനം നിരക്കിൽ, ഒരു ഫീസ് നൽകുവാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(4) അപേക്ഷ അനുവദിക്കുന്നപക്ഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ രൂപാന്തരപ്പെടുത്തൽ, ചേർന്ന് കിടക്കുന്ന ഭൂമിയിലെ നെൽക്കൃഷിയെയോ മറ്റ് ഏതെങ്കിലും വിളകളുടെ കൃഷിയെയോ, ഏതെങ്കിലും ഉണ്ടെങ്കിൽ, അവയെ ദോഷകരമായി ബാധിക്കുകയില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, പ്രസ്തുത കൃഷി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പ്രകാരമുള്ള ജലസംരക്ഷണ നടപടികൾ വ്യക്തമാക്കേണ്ടതുമാണ്:

എന്നാൽ, അപ്രകാരമുള്ള ജല സംരക്ഷണ നടപടികൾ വ്യക്തമാക്കുമ്പോൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, അദ്ദേഹം യുക്തമെന്ന് കരുതുന്നുവെങ്കിൽ, സർക്കാർ ഏജൻസികൾ സൂക്ഷിക്കുന്ന, പ്രദേശത്തിന്റെ ഉപഗ്രഹ ചിത്രങ്ങൾ പരിശോധിക്കാവുന്നതാണ്.

(5) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പരിവർത്തനപ്പെടുത്തുന്നതോ പരിവർത്തനപ്പെടുത്തുവാൻ ശ്രമിക്കുന്നതോ, ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ശ്രമിക്കുന്നതോ, നെൽകൃഷിക്ക് വേണ്ടിയാണെങ്കിൽ ഈ വകുപ്പ് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാകുന്നു.

(6) പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 40 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും ഈ വകുപ്പ് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതുമാകുന്നു:

എന്നാൽ, ഈ ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള 'വീട്' എന്നതിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പാർപ്പിട സമുച്ചയങ്ങളോ സമുച്ചയങ്ങളോ ഫ്ളാറ്റുകളോ ബഹുനില പാർപ്പിട സമുച്ചയങ്ങളോ ഉൾപ്പെടുന്നതല്ല:

എന്നുമാത്രമല്ല, ഈ ഒഴിവാക്കൽ ഒരിക്കൽ മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ.

(7) (6)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒഴിവാക്കൽ, 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തീയതിയിലുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ, ഉടമസ്ഥർക്കു മാത്രം ബാധകമായിരിക്കുന്നതാണ്:

എന്നാൽ, (6)-ാം ഉപവകുപ്പിൻ കീഴിൽ ഒഴിവാക്കൽ അനുവദിക്കപ്പെട്ട താമസാവശ്യത്തിനുള്ള കെട്ടിടത്തിന്റെയോ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെയോ വിസ്തീർണ്ണം, പിന്നീട് പുതിയ നിർമ്മാണങ്ങൾവഴി വർദ്ധിപ്പിച്ചിട്ടുള്ളപക്ഷം, (6)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒഴിവാക്കലിന് പ്രാബല്യമില്ലാതായിത്തീരുന്നതും, പുതിയ നിർമ്മാണങ്ങൾ കണ്ടുപിടിക്കപ്പെട്ട തീയതിയിൽ, ഭൂമിയുടെ ഉടമസ്ഥൻ ആയിരിക്കുന്ന ആൾ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഫീസ് നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(8) ഏതെങ്കിലും പൊതു ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത്, റവന്യൂ ഡിവിഷണൽ ഓഫീസർ, സമീപത്തെ നെൽവയൽ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് സർക്കാരിന് ഒരു റിപ്പോർട്ട് നൽകേണ്ടതും ഇത് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ജലസംരക്ഷണ നടപടികൾ നിർദ്ദേശിക്കേണ്ടതുമാണ്.

(9) സർക്കാരിന്, (8)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ, പൊതുആവശ്യത്തിലേക്കായി, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി രൂപാന്തരപ്പെടുത്തുന്നതിനുള്ള, അനുമതി നൽകാവുന്നതാണ്:

എന്നാൽ അപ്രകാരമുള്ള അനുമതി നൽകുന്നിടത്ത്, സർക്കാരിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ശിപാർശകളിൻമേൽ ആവശ്യമെന്ന് തോന്നുന്ന ഭേദഗതികൾ വരുത്താവുന്നതാണ്:

എന്നുമാത്രമല്ല, അപേക്ഷ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതലാകുന്നിടത്ത്, ജലസംരക്ഷണ നടപടികൾക്കായി അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം നീക്കിവെക്കേണ്ടതാണ്.

(10) (2), (9) എന്നീ ഉപവകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, അനുമതി നൽകപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പരും ഓരോ സർവ്വേ നമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും, അപേക്ഷകൻ ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും വിസ്തീർണ്ണവും വ്യക്തമായി സൂചിപ്പിക്കേണ്ടതും, മേൽ പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് അപ്രകാരമുള്ള ഭൂമിയുടെ ഒരു സ്കെച്ച് ഉത്തരവിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

(11) റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, സ്വമേധയായോ സങ്കടമനുഭവിക്കുന്ന കക്ഷിയുടെ അപേക്ഷയിൻമേലോ, (2)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും, പ്രസ്തുത ഉപവകുപ്പു പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികൾ അപേക്ഷകൻ പൂർണ്ണമായോ ഭാഗികമയോ പാലിക്കാതിരിക്കുന്നപക്ഷം, റദ്ദാക്കാവുന്നതാണ്.

(12) (11)-ാം ഉപവകുപ്പു പ്രകാരമുള്ള യാതൊരു റദ്ദാക്കൽ ഉത്തരവും, ഈ വിഷയത്തിൽ അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയിട്ടല്ലാതെ, റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

27ബി. അപ്പീൽ.—(1) 27എ വകുപ്പ്, (2)-ാം ഉപവകുപ്പ് പ്രകാരമുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, പ്രസ്തുത ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം ജില്ലാകളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന ഓരോ അപ്പീലും, ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ നൽകുന്നത്, പ്രസ്തുത ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അയ്യായിരം രൂപ ഫീസ് സഹിതവും ആയിരിക്കേണ്ടതാണ്.

(3) ജില്ലാ കളക്ടർക്ക്, അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം, അപ്പീൽ കഴിയുന്നത്രവേഗം തീർപ്പാക്കാവുന്നതാണ്.

(4) അപ്പീലിലുള്ള ഉത്തരവ് അന്തിമമായിരിക്കുന്നതും, അത് യാതൊരു സിവിൽ കോടതിയിലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാണ്.

27സി. രേഖകളിൽ മാറ്റം വരുത്തൽ.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ആക്റ്റിലെ 8, 9, 10 അല്ലെങ്കിൽ 27എ വകുപ്പുകൾക്ക് കീഴിൽ ഒരു സർവ്വേ നമ്പറിന്റെയോ ഒരു സബ്ഡിവിഷന്റെയോ ഒരു ഭാഗം പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകുന്നിടത്ത്, അപ്രകാരം പരിവർത്തനപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച ഭൂമിക്ക്, ഒരു പുതിയ സബ്ഡിവിഷൻ സൃഷ്ടിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, നെൽവയലോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയോ യഥാവിധി പരിവർത്തനപ്പെടുത്തുന്നിടത്ത്, തഹസിൽദാർ, 1961-ലെ കേരള ഭൂനികുതി ആക്റ്റിന്റെ (1961-ലെ 13) 6എ വകുപ്പ് പ്രകാരം ഭൂനികുതി വീണ്ടും തിട്ടപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഭൂമിയെ സംബന്ധിച്ച് റവന്യൂരേഖകളിൽ ആവശ്യമായ ഉൾക്കുറിപ്പുകൾ രേഖപ്പെടുത്തേണ്ടതുമാണ്.

(3) റവന്യൂ രേഖകളിൽ അപ്രകാരമുള്ള മാറ്റങ്ങൾ രേഖപ്പെടുത്തുന്നിടത്ത്, അനുമതി നൽകുന്ന അധികാരസ്ഥാനവും ഉത്തരവിന്റെ നമ്പരും തീയതിയും അനുമതി നൽകപ്പെട്ട ഭൂമിയുടെ സർവ്വേ നമ്പറും അനുമതി നൽകപ്പെട്ട ഓരോ സർവ്വേനമ്പരിലുമുള്ള ഭൂമിയുടെ വിസ്തീർണ്ണവും പുതുക്കിയ ഭൂനികുതിയും പഴയ ഉൾക്കുറിപ്പുകൾ വ്യക്തമാണെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിന് അനുസൃതമായാണ് റവന്യൂ രേഖകളിൽ മാറ്റം വരുത്തിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തുന്നതിനായി, തഹസിൽദാർ ആനുകാലികമായി പരിശോധന നടത്തേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിനനുസൃതമല്ലാതെ നെൽവയലിനെയോ തണ്ണീർത്തടത്തെയോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയെയോ സംബന്ധിച്ചുള്ള റവന്യൂ രേഖകൾ പരിഷ്ക്കരിക്കുന്നതിനോ വ്യത്യാസം വരുത്തുന്നതിനോ മാറ്റം വരുത്തുന്നതിനോ യാതൊരു ശ്രമവും നടത്തുവാൻ പാടുള്ളതല്ല.

27ഡി. വികസന ഫണ്ടിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, 'ഫണ്ട്' എന്ന് പരാമർശിക്കപ്പെടുന്ന ഒരു വികസന ഫണ്ട് രൂപീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ സമാഹരിക്കുന്ന എല്ലാ തുകയും ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(3) ഫണ്ട്,—

(i) സംസ്ഥാനത്ത് വികസന പദ്ധതികൾ ഏറ്റെടുക്കുക;

(ii) നെൽവയലോ തണ്ണീർത്തടമോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയോ പൂർവ്വസ്ഥിതിയിലാക്കുക;

(iii) (4)-ാം ഉപവകുപ്പ് പ്രകാരം അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുക;

(iv) ഈ ആക്റ്റിന്റെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി കളക്ടർക്ക് ഉണ്ടാകാവുന്ന ചെലവ് നിർവ്വഹിക്കുക;

(v) പൊതുതാത്പര്യാർത്ഥം സർക്കാർ ഉത്തരവാകാവുന്ന മറ്റ് ഏതെങ്കിലും ചെലവുകൾ നിർവ്വഹിക്കുക,

എന്നിവയ്ക്ക് ആവശ്യമായ ചെലവുകൾക്ക് വേണ്ടി വിനിയോഗിക്കേണ്ടതാണ്.

(4) ഫണ്ടിന്റെ നടത്തിപ്പ് സർക്കാർ നിയോഗിക്കുന്ന ഒരു സംസ്ഥാനതല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതും, ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് വാർഷികമായി ആഡിറ്റ് ചെയ്യേണ്ടതും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിംഗിന്, ആയത് വിധേയമായിരിക്കുന്നതുമാണ്.

(5) ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.".

16. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 30) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ 5-ാം വകുപ്പ് പ്രാദേശികതല നിരീക്ഷണ സമിതിയുടെ രൂപീകരണത്തെക്കുറിച്ചും പ്രസ്തുത കമ്മിറ്റിയുടെ അധികാരങ്ങളെക്കുറിച്ചും ചുമതലകളെക്കുറിച്ചും 8-ാം വകുപ്പ് സംസ്ഥാനതല സമിതിയുടെ രൂപീകരണത്തെക്കുറിച്ചും പ്രസ്തുത കമ്മിറ്റിയുടെ ചുമതലകളെക്കുറിച്ചും വ്യക്തമാക്കുന്നു. പ്രസ്തുത ആക്റ്റിന്റെ 9-ാം വകുപ്പ് ജില്ലാതല അധികൃത സമിതിയുടെ രൂപീകരണത്തെക്കുറിച്ചും ചുമതലകളെക്കുറിച്ചും 10-ാം വകുപ്പ് ആക്റ്റിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. പ്രസ്തുത ആക്റ്റിന്റെ 13-ാം വകുപ്പ് ജില്ലാ കളക്ടറുടെ അധികാരം സംബന്ധിച്ചും 16-ാം വകുപ്പ് തരിശ് നെൽവയലുകൾ പഞ്ചായത്തുകൾ മുഖേന കൃഷി ചെയ്യിക്കുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നു. പ്രസ്തുത ആക്റ്റിന്റെ 19-ാം വകുപ്പ് പ്രവേശിക്കുന്നതിനും പിടിച്ചെടുക്കുന്നതിനുമുള്ള അധികാരത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. 20-ാം വകുപ്പ് യാനങ്ങൾ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടുന്നതിനെ സംബന്ധിച്ചും പ്രതിപാദിക്കുന്നു. 23-ാം വകുപ്പ് ശിക്ഷയെക്കുറിച്ചും 25-ാം വകുപ്പ് കുറ്റങ്ങൾ വിചാരണയ്ക്കെടുക്കുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

2. സർക്കാരിന്റെ പ്രധാന പദ്ധതികൾ, സുഗമമായി നടപ്പിലാക്കുന്നതിനായും പൊതുതാത്പര്യാർത്ഥവും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ 10-ാം വകുപ്പും കൂടാതെ 2, 5, 8, 9, 12, 13, 14, 16, 19, 20, 23, 25 എന്നീ വകുപ്പുകളും ഭേദഗതി ചെയ്യുന്നതിനും, 27എ മുതൽ 27ഡി വരെയുള്ള വകുപ്പുകൾ പുതുതായി ഉൾപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2017-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ്, 2017 ഡിസംബർ 30-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 41-ാം നമ്പർ ഓർഡിനൻസായി 2017 ഡിസംബർ 30-ാം തീയതിയിലെ 2903-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2018 ജനുവരി 22-ാം തീയതി ആരംഭിച്ച് 2018 ഫെബ്രുവരി 7-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 13) 2018 ഫെബ്രുവരി 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഫെബ്രുവരി 12-ാം തീയതിയിലെ 348-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2018 ഫെബ്രുവരി 26-ാം തീയതി ആരംഭിച്ച് 2018 ഏപ്രിൽ 4-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 122-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

7. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 30) 2018 ഏപ്രിൽ 7-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഏപ്രിൽ 7-ാം തീയതിയിലെ 919-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2018-ലെ 30-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, നെൽവയൽ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ, പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കുന്നതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 10-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, 8-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ സമയപരിധിക്കകം സംസ്ഥാനതല സമിതിയിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തപക്ഷം, റിപ്പോർട്ട് ആവശ്യപ്പെടുന്നതിനുള്ള മറ്റ് അധികാരസ്ഥാനങ്ങളെ നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 8-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, നെൽവയലോ തണ്ണീർത്തടമോ പൂർവ്വസ്ഥിതിയാക്കുന്നതിനു വേണ്ടിയുള്ള തീരുമാനമെടുക്കുന്നിടത്ത്, ജില്ലാകളക്ടർക്ക്, അപ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്ന പ്രക്രിയയിൽ, നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ നീക്കം ചെയ്യപ്പെട്ട കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കയ്യൊഴിക്കുന്നതിന്, സ്വീകരിക്കാവുന്ന നടപടികൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 12-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന ജില്ലാകളക്ടർക്ക് പിടിച്ചെടുത്ത കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കയ്യൊഴിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 15-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 27എ വകുപ്പ് (1)-ാം ഉപവകുപ്പ്, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ, അപ്രകാരമുള്ള ഭൂമി, വീടുവയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നപക്ഷം, അയാൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അനുമതിക്കായി അപേക്ഷ നൽകേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 15-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്ന 27ഡി വകുപ്പ് (5)-ാം ഉപവകുപ്പ്, ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഇ. ചന്ദ്രശേഖരൻ.

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

### (2008-ലെ 28-ാം ആക്റ്റ്)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) "കളക്ടർ" എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നതും അതിൽ കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ളതോ അധികാരപ്പെടുത്തിയിട്ടുള്ളതോ ആയ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു ;

(ii) "സമിതി" എന്നാൽ 5-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണസമിതി എന്നർത്ഥമാകുന്നു;

** ** ** **

(vi) "ജല നിർഗ്ഗമന ചാല്" എന്നാൽ നെൽവയലിലേക്കും അതിൽ നിന്ന് പുറത്തേക്കും ജലം ഒഴുക്കി വിടുന്നതിനുള്ള ചാല് എന്നർത്ഥമാകുന്നു;

** ** ** **

(xiv) "പൊതു ആവശ്യം" എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തികസഹായം നൽകുന്നതോ ആയ പദ്ധതികളുടെയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും ആവശ്യം എന്നർത്ഥമാകുന്നു;

** ** ** **

(xvii) "സംസ്ഥാനതല സമിതി" എന്നാൽ 8-ാംവകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാനതല സമിതി എന്നർത്ഥമാകുന്നു;

** ** ** **

5. പ്രാദേശികതല നിരീക്ഷണ സമിതിയുടെ രൂപീകരണം .—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിലേക്കായി, ഓരോ ഗ്രാമപഞ്ചായത്തിലും അഥവാ മുനിസിപ്പാലിറ്റിയിലും, (2)-ാം ഉപവകുപ്പിൽ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു പ്രാദേശികതല നിരീക്ഷണ സമിതി ഉണ്ടായിരിക്കുന്നതാണ്.

(2) സമിതിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്:—

(i) അതത് സംഗതി പോലെ, ഗ്രാമപഞ്ചായത്തിന്റെ അഥവാ മുനിസിപ്പാലിറ്റിയുടെ, അഥവാ കോർപ്പറേഷന്റെ പ്രസിഡന്റ് അഥവാ ചെയർപേഴ്സൺ/മേയർ—ചെയർമാൻ ;

(ii) ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള കൃഷി ആഫീസർ/ആഫീസർമാർ—അംഗം/അംഗങ്ങൾ ;

(iii) പ്രസ്തുത പ്രദേശത്ത് അധികാരിതയുള്ള വില്ലേജ് ആഫീസർ/ആഫീസർമാർ—അംഗം/അംഗങ്ങൾ ;

(iv) പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ നെൽകൃഷിക്കാരുടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് പ്രതിനിധികൾ ;

കൃഷി ആഫീസർ പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്.

(3) സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പൊതു ആവശ്യങ്ങൾക്കോ, നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനോ വേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന്, അതത് സംഗതി പോലെ, സംസ്ഥാനതല സമിതിക്കോ ജില്ലാതല അധികൃത സമിതിക്കോ ശിപാർശ നൽകുക :

** ** ** **

** ** ** **

(4) സമിതി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായത്തോടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുകയും സർവ്വേ നമ്പരും വിസ്തൃതിയും രേഖപ്പെടുത്തിയിട്ടുള്ള ഡേറ്റാ ബാങ്ക് അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖേന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യിച്ചശേഷം അത് പൊതുജനങ്ങളുടെ അറിവിലേക്ക് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആഫീസിലും, വില്ലേജ് ഓഫീസിലും/ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുക ;

(ii) (3)-ാം ഉപവകുപ്പ് (iv)-ാം ഇനം അനുസരിച്ച് സമിതി നൽകുന്ന നിർദ്ദേശങ്ങൾ പ്രകാരം നടപടി ഉണ്ടാകാതെ ഏതെങ്കിലും വയൽ തരിശിട്ടിരിക്കുന്നുവെങ്കിൽ 16-ാം വകുപ്പ് പ്രകാരം പകരം സംവിധാനം ഏർപ്പെടുത്തുക;

(iii) സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽവയലുകൾ/ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിലേക്ക്, വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുക ;

(iv) സമിതിക്ക് അധികാരിതയുള്ള പ്രദേശത്ത്, ഈ ആക്റ്റ് നിലവിൽ വന്ന തീയതിക്കുമുൻപ്, തത്സമയം പ്രാബല്യത്തിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി രൂപാന്തരപ്പെടുത്തിയിട്ടുള്ള നെൽവയലുകളെ സംബന്ധിച്ച് വിവരങ്ങൾ സമാഹരിച്ച് റവന്യൂ ഡിവിഷണൽ ആഫീസർക്ക് റിപ്പോർട്ട് നൽകുക ;

(v) കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

** ** ** **

8. <u>സംസ്ഥാനതല സമിതിയുടെ രൂപീകരണം</u>.- -(1) സർക്കാർ, പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിന്, സമിതി ശിപാർശ ചെയ്തിട്ടുള്ള അപേക്ഷകൾ വിശദപരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകുന്നതിലേക്കായി, ഒരു സംസ്ഥാനതല സമിതി രൂപീകരിക്കേണ്ടതാണ്.

** ** ** **

(3) പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണസമിതി ശിപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും, സംസ്ഥാനതലസമിതി പരിശോധിച്ച്, ആ പ്രദേശത്ത്, നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായി പരിശോധന നടത്തി, സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്.

9. <u>ജില്ലാതല അധികൃതസമിതിയുടെ രൂപീകരണം</u>.—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനും വേണ്ടി കളക്ടർ ഓരോ ജില്ലയിലും, ജില്ലാതല അധികൃതസമിതി രൂപീകരിക്കേണ്ടതാണ് :

എന്നാൽ, വീട് വയ്ക്കുന്നതിന്, അതതുസംഗതിപോലെ, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള യാതൊരു തീരുമാനവും ജില്ലാതല അധികൃത സമിതി എടുക്കുവാൻ പാടുള്ളതല്ല.

** ** ** **

(8) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാദേശികതല നിരീക്ഷണസമിതി,—

(i) അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ, പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലാ എന്നും ;

** ** ** **

(iv) പ്രസ്തുത നെൽവയൽ, മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ല എന്നും;

ശിപാർശ ചെയ്താൽ അല്ലാതെ അപ്രകാരമുള്ള യാതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുവാൻ പാടുള്ളതല്ല.

** ** ** **

10. ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം.—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതാണ്.

(2) പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശിപാർശ ചെയ്യുകയും, സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽക്കൃഷിയെയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയെയോ ദോഷകരമായി ബാധിക്കുകയില്ല എന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്താലല്ലാതെ, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടുള്ളതല്ല.

** ** ** **

12. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ നിയമനവും അവരുടെ അധികാരങ്ങളും.—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനംവഴി വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്തതായ റവന്യു വകുപ്പിലെ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരായി നിയമിക്കാവുന്നതും ഈ ആക്റ്റ് പ്രകാരം അവരുടെ അധികാരങ്ങൾ വിനിയോഗിക്കാവുന്ന പ്രദേശം നിശ്ചയിച്ച് നൽകേണ്ടതുമാണ്.

(2) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നത് തടയുന്നതിനോ വേണ്ടി,—

(എ) ഈ ആക്റ്റ് പ്രകാരം ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റത്തിന്മേൽ പരിശോധനയോ അന്വേഷണമോ നടത്തുന്നതിന് ആവശ്യമെന്ന് അദ്ദേഹം കരുതുന്ന പ്രകാരമുള്ള സന്നാഹത്തോടെ, അതുമായി ബന്ധപ്പെട്ട ഏത് പരിസരത്തും അല്ലെങ്കിൽ ഏത് സ്ഥലത്തും പ്രവേശിക്കാവുന്നതും;

(ബി) ഈ ആക്റ്റിലെ 3-ാം വകുപ്പിനോ 11-ാം വകുപ്പിനോ വിരുദ്ധമായ ഏതൊരു പ്രവർത്തനവും നിർത്തിവയ്ക്കാൻ ഏതൊരു വ്യക്തിയോടും ആവശ്യപ്പെടാവുന്നതും ;

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും യാനമോ അല്ലെങ്കിൽ വാഹനമോ, മറ്റു വാഹനസൗകര്യങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ഉപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അവ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ അരംഭിക്കുന്നതിനായി, കളക്ടർക്ക് ഒരു റിപ്പോർട്ട് അയയ്ക്കേണ്ടതും ;

** ** ** **

13. <u>ജില്ലാ കളക്ടറുടെ അധികാരം.</u>—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടർക്ക്, ഈ ആക്റ്റ് പ്രകാരം എടുത്ത പ്രോസിക്യൂഷൻ നടപടിക്ക് ഭംഗം വരാതെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയലോ തണ്ണീർത്തടമോ പൂർവ്വ അവസ്ഥയിൽ കൊണ്ടുവരുന്നതിലേക്കായി, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള നടപടി കൈക്കൊള്ളാവുന്നതും, ഇതിലേക്കായി ചെലവഴിക്കേണ്ടിവന്ന തുക, അതത് സംഗതി പോലെ, പ്രസ്തുത നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയ ശേഷം, ഈടാക്കാവുന്നതുമാണ്.

14. <u>തദ്ദേശ സ്ഥാപനം ലൈസൻസ് നിഷേധിക്കണമെന്ന്.</u>—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലും (1994-ലെ 20) എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശസ്ഥാപനവും നൽകുവാൻ പാടുള്ളതല്ല.

** ** ** **

** ** ** **

16. തരിശ് നെൽവയൽ കൃഷി ചെയ്യിക്കൽ.—(1) 15-ാം വകുപ്പ് പ്രകാരം നൽകിയ നിർദ്ദേശം നടപ്പാക്കാൻ നെൽവയലിന്റെ അനുഭവക്കാരന് കഴിയാത്തത്, പ്രായോഗിക ബുദ്ധിമുട്ടുകൾകൊണ്ടാണെന്ന്, അയാൾ നൽകിയ മറുപടിയിൽ നിന്നും സമിതിക്ക് ബോദ്ധ്യമാകുന്ന പക്ഷം, സമിതിക്ക് അയാളോട് പ്രസ്തുത നെൽവയൽ പഞ്ചായത്ത് മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള അനുമതി രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമിതിയുടെ കത്ത് ലഭിച്ചാൽ, മറുപടിയായി, നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകിക്കൊണ്ടോ അത് നിഷേധിച്ചുകൊണ്ടോ കഴിയുന്നത്രവേഗം രേഖാമൂലം മറുപടി നൽകേണ്ടതാണ്.

(3) നെൽവയലിന്റെ അനുഭവക്കാരൻ പ്രസ്തുത നെൽവയൽ കൃഷി ചെയ്യിക്കുന്നതിന് അനുമതി നൽകുന്ന പക്ഷം, സമിതിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, അപ്രകാരമുള്ള ഫാറത്തിൽ പഞ്ചായത്തും നെൽവയലിന്റെ അനുഭവക്കാരനുമായി ഒരു കരാർ ഒപ്പിടുവിച്ച ശേഷം, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യിപ്പിക്കുന്നതിനോവേണ്ടി ഒരു നിശ്ചിത കാലയളവിലേക്ക് പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ/ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള നെൽവയൽ, അത് നേരിട്ട് കൃഷി ചെയ്യുന്നില്ല എങ്കിൽ അതിന്, (3)-ാം ഉപവകുപ്പിൻകീഴിൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വിധം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം, പരമാവധി രണ്ട് വർഷക്കാലയളവിലേക്ക് ലേലം ചെയ്തോ മറ്റ് വിധത്തിലോ ഏൽപ്പിച്ചുകൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിനുള്ള ക്രമീകരണം ചെയ്യാവുന്നതുമാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കുമ്പോൾ താഴെ പറയുന്ന പ്രകാരം മുൻഗണനാക്രമം പാലിക്കേണ്ടതാണ്, അതായത്:—

(i) പാടശേഖര സമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക് ;

(ii) സ്വയം സഹായ സംഘങ്ങൾക്ക് ;

(iii) നെൽവയൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് അഥവാ മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക്.

(6) (4)-ഉം (5)-ഉം ഉപവകുപ്പുകൾ പ്രകാരം പ്രസ്തുത നെൽവയൽ കൃഷി ചെയ്യാൻ അവകാശം ലഭിക്കുന്ന ആൾ പ്രസ്തുത നെൽവയൽ തിരിച്ച് ഏല്പിക്കുമ്പോൾ, കൃഷിയോഗ്യമല്ലാത്ത രീതിയിൽ അതിന്റെ ഘടനയിൽ മാറ്റം വരുത്തുവാൻ പാടില്ലാത്തതും അത് പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്.

(7) (4)-ാം ഉപവകുപ്പ് പ്രകാരം, നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം സിദ്ധിച്ച ആൾ, പ്രസ്തുത നെൽവയലിന് കരാർ പ്രകാരമുള്ള പ്രതിഫലം നെൽവയലിന്റെ അനുഭവക്കാരന് മുൻകൂറായി നൽകേണ്ടതും, ആ തുക കൃഷി ചെയ്യുന്നതിന് വേണ്ടി വന്ന ചെലവിന്റെ ഭാഗമായിരിക്കുന്നതുമാണ്.

(8) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പുപ്രകാരമുള്ള നോട്ടീസ് ലഭിക്കാതെ തന്നെ, നെൽവയലിന്റെ ഒരു ഉടമസ്ഥന്, തന്റെ നെൽവയൽ സ്വന്തമായി കൃഷി ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, അയാൾ ആഗ്രഹിക്കുന്ന പക്ഷം, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനായി പഞ്ചായത്തിനെ ഏൽപ്പിച്ചുകൊടുക്കാൻ സമിതിയോട് ആവശ്യപ്പെടാവുന്നതാണ്.

** ** ** **

19. <u>പ്രവേശിക്കുന്നതിനും പിടിച്ചെടുക്കുന്നതിനും ഉള്ള അധികാരം.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി, റവന്യൂ വകുപ്പിലെ വില്ലേജ് ആഫീസറുടെ* പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും യാനമോ, വാഹനമോ, മറ്റ് വാഹന സൗകര്യമോ യന്ത്രോപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അത്തരം പിടിച്ചെടുക്കലിനെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട്, അപ്രകാരം പിടിച്ചെടുത്ത് നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ പ്രോസിക്യൂഷൻ നടപടി ആരംഭിച്ചാലും ഇല്ലെങ്കിലും, ആ പ്രദേശത്ത് അധികാരിതയുള്ള കളക്ടർക്ക് നൽകേണ്ടതുമാണ്.

** ** ** **

** ** ** **

20. <u>യാനങ്ങൾ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.</u>—(1) 12-ാം വകുപ്പു പ്രകാരമോ 19-ാം വകുപ്പുപ്രകാരമോ ഉള്ള പിടിച്ചെടുക്കൽ സംബന്ധിച്ച ഒരു റിപ്പോർട്ട് കളക്ടർക്ക് ലഭിച്ചാൽ അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്നപക്ഷം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാൻ ഉത്തരവിടാവുന്നതാണ് :

എന്നാൽ, അത് കണ്ടുകെട്ടുന്നതിന് പകരം, അപ്രകാരം പിടിച്ചെടുത്ത സാമഗ്രികളുടെ, ജില്ലാകളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയുടെ ഒന്നര മടങ്ങിന് തുല്യമായ തുക കെട്ടിവയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യം അതിന്റെ ഉടമസ്ഥനോ അഥവാ സൂക്ഷിപ്പുകാരനോ നൽകേണ്ടതാണ്.

** ** ** **

23. ശിക്ഷ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, 5-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും നെൽവയലോ അല്ലെങ്കിൽ തണ്ണീർത്തടമോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതും എന്നാൽ രണ്ട് വർഷം വരെ ആകാവുന്നതുമായ തടവും അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതും എന്നാൽ ഒരു ലക്ഷം രൂപവരെ ആകാവുന്നതുമായ പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

** ** ** **

25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടേണ്ടതായ യാതൊരു കുറ്റവും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ പദവിയിൽ താഴെയുള്ള യാതൊരു കോടതിയും അപ്രകാരമുള്ള കുറ്റത്തിന് ഹേതുവായ വസ്തുതകൾ സംബന്ധിച്ച്, 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഒരു ആഫീസറുടെ രേഖാമൂലമുള്ള റിപ്പോർട്ടിൻമേലല്ലാതെയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

** ** ** **

27. സർക്കാരിന് കിട്ടേണ്ടതായ തുകകൾ ഭൂമിയിൽനിന്നുള്ള കര കുടിശ്ശിക പോലെ വസൂലാക്കാവുന്നതാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് കിട്ടേണ്ടതായ ഏതു തുകയും ഭൂമിയിന്മേലുള്ള നികുതി കുടിശ്ശികയായി കണക്കാക്കേണ്ടതും മറ്റേതെങ്കിലും മാർഗ്ഗത്തിലുള്ള വസൂലാക്കലിന് ഭംഗം വരാതെ കാലാകാലങ്ങളിൽ നിലവിലിരിക്കുന്ന നികുതി കുടിശ്ശിക വസൂലാക്കൽ ആക്റ്റിൻ കീഴിൽ തിരിച്ചുപിടിക്കേണ്ടതുമാണ്.

** ** ** **